# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3200

24.02.2016-ൽ മറുപടിക്ക്.

## ഗ്രാമ കോടതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. വി. ശശി<br>ശ്രീ. കെ. അജിത് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഗ്രാമ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ; | : (എ) സംസ്ഥാനത്ത് 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കുന്നതിനു 01.03.2011 ലെ സ.ഉ (കൈ) നമ്പർ 86/11/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 02.02.2016 തീയതിയിലെ സ.ഉ (കൈ) നമ്പർ 39/16/ആഭ്യന്തരം പ്രകാരം ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുവാൻ 01.03.2011-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച 4 സ്ഥലങ്ങളിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ആയതിൽ കൊല്ലം ജില്ലയിൽ ചടയമംഗലത്ത് 20.02.2016 ന് സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമ ന്യായാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ; | : (ബി) 2008-ലെ ഗ്രാമന്യായാലയാസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായി അനാവർത്തന ചിലവിനത്തിൽ 18 ലക്ഷം രൂപ വഹിക്കുന്നതാണ്. കൂടാതെ ആവർത്തന ചിലവിനത്തിൽ 6.4 ലക്ഷം രൂപ ശമ്പളത്തിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി 3 വർഷത്തേക്ക് പങ്കിടുന്നതാണ്. |
| (സി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | : (സി) ഗ്രാമന്യായാലയം സ്ഥാപിക്കുന്നതിനു അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

Prema.V

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്